**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 4482

22.07.2015 - ൽ

മറുപടിയ്ക്ക്

## ക്യാമ്പ് ഫോളോവർ കെ.എം അയ്യപ്പന്റെ ഭാര്യയ്ക്ക് ആശ്രിത നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി.ഡി ദേവസ്സി | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് വകുപ്പിൽ കമാന്റന്റ് ഓഫീസ്, കെ.എ.പി വൺ ബറ്റാലിയൻ, ആർ.വി പുരം, തൃശ്ശൂർ ക്യാമ്പ് ഫോളോവർ-374 ആയി ജോലി ചെയ്തുകൊണ്ടിരിക്കെ, 16.12.2013 ൽ മരണമടഞ്ഞ എറണാകുളം ജില്ലയിൽ, ഏഴാറ്റുമുഖം പി.ഒ, മുക്കന്നൂർ ദേശത്ത് കാലടി വീട്ടിൽ രാമൻമാക്കോത മകൻ കെ.എം അയ്യപ്പന്റെ ആശ്രിതർക്ക് ആനുകൂല്യങ്ങളും ആശ്രിതനിയമനവും ലഭിയ്ക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; <br><br> (ബി) ഇല്ലെങ്കിൽ കെ.എം അയ്യപ്പന്റെ ഭാര്യയ്ക്ക് ആശ്രിത നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (എ) & (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. കെ. എം അയ്യപ്പന്റെ ഭാര്യ ശ്രീമതി സിന്ധു പി.എസ്-ന്റെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ പരിശോധിക്കുകയും ടിയാൾക്ക് എൽ.ഡി.സി തസ്തികയിൽ നിയമനത്തിന് യോഗ്യതയുണ്ടെന്ന് കണ്ടതിനാൽ അപേക്ഷ തീയതിയുടെ (24.04.2014) അടിസ്ഥാനത്തിൽ ഒഴിവ് നിർണ്ണയിക്കുന്നതിന് പ്രൊഫോർമ വിവരങ്ങൾ പൊതുഭരണ (സി.ഇ സെൽ) വകുപ്പിന് കൈമാറിയിട്ടുണ്ട്. സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരേതൻ ജോലി ചെയ്തിരുന്ന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. |

സെക്ഷൻ ഓഫീസർ